LIBRARY ARCHIVES Kerala Legislative Assembly

റേഷൻകടകളിലൂടെ പലവ്യഞ്ജന വിതരണം

64 [2814] *ശ്രീ. എം. എ. വാഹീദ്*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് പുതുതായി എത്ര റേഷൻകടകൾക്ക് പലവ്യഞ്ജന സാധനങ്ങൾ വിൽക്കുന്നതിന് അനുമതി നൽകി;

(ബി) ഇങ്ങനെ അനുമതി നൽകിയശേഷം കച്ചവടം ആരംഭിച്ചിട്ട് മതിയാക്കിയ ഏതെങ്കിലും റേഷൻകടകളുണ്ടോ; എങ്കിൽ എത്രയെന്ന് വെളിപ്പെടുത്താമോ;

(സി) വീണ്ടും ഈ പദ്ധതി മറ്റു റേഷൻകടകൾക്കും അനുവദിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

ഉത്തരം

(എ) 1908 റേഷൻകടകളെ തെരഞ്ഞെടുത്തതിൽ സപ്ലൈകോ വിതരണം ചെയ്യുന്ന സാധനങ്ങൾ വിൽക്കുന്നതിന് 902 എണ്ണം ശബരിസ്റ്റോറുകളായി പ്രവർത്തിച്ചുതുടങ്ങി.

(ബി) ഇല്ല.

(സി) ശബരി സ്റ്റോറുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്ന തൽപ്പരരായ റേഷൻ വ്യാപാരികളുടെ ആവശ്യാനുസരണം കൂടുതൽ കടകൾ അനുവദിക്കുന്നതിന് നടപടി തുടർന്നുവരുന്നു.

ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവർക്ക് ഭക്ഷ്യകൂപ്പൺ

65 [2815] *ശ്രീ. എം. കുമാരൻ*: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോഴത്തെ പൊതുവിതരണ സമ്പ്രദായം നിർത്തലാക്കാനും ദാരിദ്ര്യ രേഖയ്ക്കു താഴെയുള്ളവർക്കു മാത്രമായി ഭക്ഷ്യകൂപ്പൺ സമ്പ്രദായം നടപ്പിലാക്കാനുമുള്ള കേന്ദ്ര ഗവൺമെന്റ് നിർദ്ദേശം സംസ്ഥാന സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ നിർദ്ദേശത്തിൻമേൽ എന്തെങ്കിലും തരത്തിലുള്ള ചർച്ച നടന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ) ഇല്ല. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രിയുടെ 2004-2005-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ ഇന്ത്യയുടെ ഏതെങ്കിലും ഒരു സംസ്ഥാനത്ത് തെരഞ്ഞെടുത്ത ഒന്നോ രണ്ടോ ജില്ലകളിൽ ഭക്ഷ്യവിതരണരംഗത്ത് ഭക്ഷ്യകൂപ്പൺ (ഫുഡ് സ്റ്റാമ്പ്) പദ്ധതി പരീക്ഷണാടിസ്ഥാനത്തിൽ നടപ്പാക്കുന്നതിനെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബാധകമല്ല.

കേരളത്തിലെ ഉപഭോക്തൃ സംഘടനകളുടെ പ്രവർത്തനം

66 [2816] *ശ്രീ. നാലകത്ത് സൂപ്പി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉപഭോക്തൃസംഘടനകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഉപഭോക്തൃസംരക്ഷണ നിയമപ്രകാരം കൺസ്യൂമർ സംഘടനകളുടെ പങ്ക് എന്താണെന്ന് വിശദീകരിക്കാമോ;

(സി) കൺസ്യൂമർ വിജിലൻസ് സെന്റർ എന്ന ഒരു സംഘടന കേരളത്തിൽ പ്രവർത്തിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിന്റെ ആസ്ഥാനവും ഓഫീസും എവിടെയാണ്; ആരൊക്കെയാണ് ഭാരവാഹികൾ; വിശദാംശം വെളിപ്പെടുത്തുമോ;

(ഇ) പ്രസ്തുത സംഘടനയെ പ്രതിനിധീകരിച്ച് ആരെങ്കിലും കൺസ്യൂമർ കോടതികളുടെ പ്രവർത്തനം തടസ്സപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സർക്കാർ എന്ത് നടപടി സ്വീകരിച്ചു;

(എഫ്) "വിജിലൻസ്" എന്ന് സ്വയം വിശേഷിപ്പിച്ച് കൺസ്യൂമർ കോടതികളുടെ പ്രവർത്തനം തടസ്സപ്പെടുത്തുന്ന പ്രസ്തുത സംഘടനയുടെ അംഗീകാരം റദ്ദാക്കാൻ സർക്കാർ അടിയന്തിര നടപടി കൈക്കൊള്ളുമോ?

ഉത്തരം

(എ) കേരളത്തിലെ ഉപഭോക്തൃസംഘടനകളുടെ പ്രവർത്തനം പൊതുവായി വിലയിരുത്തിയിട്ടില്ല. എന്നാൽ സംസ്ഥാന സർക്കാർ വർഷാവർഷം ഉപഭോക്തൃ സംരക്ഷണത്തിന് സന്നദ്ധ ഉപഭോക്തൃസംഘടനകൾക്ക് നൽകുന്ന അവാർഡിനു വേണ്ടി അപേക്ഷിക്കുന്ന ഉപഭോക്തൃസംഘടനകളുടെ ഒരു വർഷത്തെ പ്രവർത്തനം വിലയിരുത്തി അവാർഡ് നൽകാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly